# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2023.

## 11/03/2020 ലെ മറുപടിക്ക്

**പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ഡോ.ടി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഇപ്പോൾ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ കലക്ടേറ്റുകളിൽ നിന്നും പാസ്സായി ലഭിക്കണമെങ്കിൽ എ.ഡി.സി. (ജനറൽ),ഫിനാൻസ് ഓഫീസർ എന്നിവരുടെ പരിശോധനയ്ക്ക് ശേഷം കളക്ടർ കൂടി ഫയലിൽ ഉത്തരവിട്ടാൽ മാത്രമേ കഴിയുന്നുള്ളൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒട്ടേറെ കാലതാമസത്തിനിടയാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സർക്കാരിന്റെ യഥാ സമയങ്ങളിലുള്ള നടപടിക്രമം പൂർത്തിയാക്കിയാണ് എല്ലാത്തരത്തിലുള്ള പ്രവർത്തികളുടെയും തുക അനുവദിക്കുന്നത്. ആയതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിർവ്വഹണ ഉദ്യോഗസ്ഥനായ ബി ഡി ഒ മാർക്ക് എൻജിനീയറിംഗ് വിംഗ് ഉണ്ടെന്നിരിക്കെ, അവരുടെ സാങ്കേതിക ജ്ഞാനമൊന്നുമില്ലാത്ത എ ഡി സി, ഫിനാൻസ് ഓഫീസർ എന്നിവർ ബില്ല് നോക്കി പാസ്സാക്കുന്ന രീതിക്കു പകരം, ഇപ്പോൾ എൻ.സി.എഫ്.ആർ- ലുൾപ്പെടുത്തിയ പ്രവൃത്തികളുടെ ഫൈനൽ ബില്ലുകൾ സമർപ്പിക്കുകയും, ബി.ഡി.ഒ. നൽകുന്ന പ്രഫോർമയുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നൽകുകയും ചെയ്യുന്ന രീതി എസ്.ഡി.എഫ്.ന്റെ കാര്യത്തിലും അവലംബിച്ചാൽ കാലതാമസം ഒഴിവാകുകയില്ലേ എന്ന് പരിശോധിക്കുമോ; | പ്രവർത്തി പൂർത്തീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന ബില്ലുകൾ സാങ്കേതിക പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലല്ല പരിശോധിക്കുന്നത്. സാങ്കേതിക പരിജ്ഞാനം പ്രവർത്തിയുടെ നിർവ്വഹണ ഘട്ടത്തിലാണ് ആവശ്യമുള്ളത്. ബില്ലുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകൾ നിയമാനുസൃതമാണോ/നിലവിലെ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി നിലവിലുള്ള നിയമങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും പൊതുമരാമത്ത് മാനുവലിന്റെയും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളെ സംബന്ധിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ബിൽ തുക കൃത്യമാണോയെന്ന് പരിശോധിച്ച് അനുവദനീയമായ തുക പാസ്സാക്കുകയാണ് എ.ഡി.സി, എഫ്.ഒ എന്നീ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചെയ്യുന്നത്. എന്നാൽ 2018-19 വർഷം മുതൽ 27.03.2018 ലെ സ.ഉ(കൈ) നം.3/2018/ദു.നി.വ ഉത്തരവ് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രവർത്തി പൂർത്തീകരിച്ച ശേഷം എല്ലാ നടപടിക്രമങ്ങളും പാലിച്ച് അന്തിമ ബില്ലുകൾ |
| (സി) | കളക്ടേറ്റുകളിലെ ഫിനാൻസ് ഓഫീസർമാർക്ക് ജോലിഭാരം വളരെക്കൂടുതൽ ആകയാൽ എൻ.സി.എഫ്.ആർ ബില്ലുകൾ പാസ്സാക്കുന്നതിന് സ്വീകരിക്കുന്ന രീതി എസ്.ഡി.എഫ് ബില്ലുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ? | |

| | | |
|---|---|---|
| | | പാസ്സാക്കി നടപടിക്രമം പുറപ്പെടുവിച്ച് നിശ്ചിത പ്രൊഫോർമ സഹിതം ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ബിൽ തുക അനുവദിക്കാവുന്ന താണെന്ന് ദുരന്തനിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് വ്യത്യസ്ഥ ഗുണഭോക്തൃ വകുപ്പുകൾക്ക് വേണ്ടിയാണ് പ്രവർത്തികൾ നടപ്പിലാക്കുന്നത്. എം.എൽ.എ ആസ്തി വികസന പദ്ധതി/പ്രത്യേക വികസന നിധി വിനിയോഗം സംബന്ധിച്ച നടപടിക്രമം നിലവിലുള്ളതിനേക്കാൾ ലളിതവും ഉചിത തലത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ച് ഒരു തീരുമാനം താമസിയാതെ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**